**സസ്യശാസ്ത്ര അധ്യാപികയും പരിസ്ഥിതി ഗ്രന്ഥകാരിയുമായ സി. തങ്കത്തിന്റെ ഓർമ്മയ്ക്കു മുമ്പിൽ**

**ഡോ. കെ. ശാരദാമണി**

# പ്രിയപ്പെട്ട തങ്കം

നന്മ നിറഞ്ഞു നിന്ന ഒരു സായാഹ്നം.ഇക്കഴിഞ്ഞ ആഗസ്റ്റ് 23ന് വൈകിട്ട് ഒരു പ്രിയ സുഹൃത്തിന്റെ ആദ്യത്തെ മരണ വാർഷികത്തിൽ സംഘടിപ്പിച്ച അനുസ്മരണ യോഗത്തിൽ ഞാൻ പങ്കെടുത്തു. അടുത്ത സുഹൃത്തുക്കളുടെ ഓർമ്മയ്ക്കു വേണ്ടി നടത്തുന്ന അത്തരം കൂട്ടായ്മയിൽ സാധിക്കുമ്പോഴെല്ലാം ഞാൻ പങ്കുചേരാറുണ്ട്.

പലപ്പോഴും അന്തരിച്ച വ്യക്തിയെ നല്ലപോലെ അറിയാവുന്നവരും അല്ലാത്തവരുമായ കുറച്ചുപേർ മരിച്ചയാളിനെപ്പറ്റിയുള്ള ഓർമ്മകൾ പങ്കുവയ്ക്കുകയാണ് പതിവ്. സദസ്സിൽ കുറച്ചു പേർ ശ്രദ്ധിക്കും, കുറെപ്പേർ വേറെ എന്തെങ്കിലും ആലോചിച്ചിരിക്കും, രണ്ടുമൂന്നു പേരെങ്കിലും നേരത്തെ ഇറങ്ങിപ്പൊകും. ഇതൊന്നും നടക്കാത്തതായിരുന്നു ഞാൻ തുടക്കത്തിൽ പറഞ്ഞ അനുശോചനയോഗം.

പ്രസ്തുത കൂട്ടായ്മ സസ്യശാസ്ത്ര വിദഗ്ധ, സാമൂഹ്യ രാഷ്ട്രീയപരിസ്ഥിതി പ്രവർത്തക.എഴുത്തുകാരി എന്നീ നിലകളിൽ അറിയപ്പെട്ടിരുന്ന ഡോക്ടർ. സിതങ്കത്തിനെ ഓർക്കാൻ വേണ്ടിയായിരുന്നു. തങ്കം ചേച്ചി, തങ്കം റ്റീച്ചർ എന്നൊക്കെ പലരും വിളിച്ചിരുന്ന അവർ അവിഭക്ത കമ്മ്യൂണിസ്റ്റു പാർട്ടിയിലെയും, പിന്നീട് സിപിഐയിലെയും സമുന്നതനേതാക്കളിൽ ഒരാളായിരുന്ന ശർമ്മാജിയുടെ ഭാര്യ ആയിരുന്നു. അവർ രണ്ടുപേരുടെയും നേതൃത്വത്തിൽ കെട്ടിപ്പടുത്ത ബാലവിഹാർ അങ്കണത്തിൽ വച്ചായിരുന്നു ഒത്തുചേരൽ. അവർ താലോലിച്ചു വളർത്തിയ എംബിഎസ്യൂത്ത് ക്വയറിന്റെ മധുരമനോഹര- ആലാപനത്തോടെയാണ് യോഗം തുടങ്ങിയത്.മണ്ണിനെ നമിച്ചുകൊണ്ടു തുടങ്ങിയ ഗായകർ നമ്മെ പ്രകൃതിയുടെ ശാന്തസുന്ദരമായ പല തട്ടുകളിലൂടെ കൊണ്ടുപോയി.

അതിനു ശേഷം പ്രിയപ്പെട്ട അദ്ധ്യാപികയെ സസ്യശാസ്ത്രമേഖലയിൽ ഔന്നത്യം പ്രാപിക്കുകയും വിലപ്പേട്ട സംഭാവനകൾ നൽകുകയും ചെയ്തിട്ടുള്ള മൂന്നു പൂർവകാല വിദ്യാർത്ഥികൾ ഓർമ്മകൾ പങ്കുവച്ചു.ആ അവസരത്തിൽ സംസാരിക്കേണ്ടിയിരുന്ന പയ്യന്നൂരിലെ പരിസ്ഥിതി വിദ്യാഭ്യാസ മാസിക സൂചിമുഖിയുടെ പത്രാധിപർ ടി.പി. പത്മനാഭൻ വന്നു ചേർന്നില്ല. പകരം തങ്കം സൂചിമുഖിയിൽ എഴുതിയിരുന്ന ചിലവ വായിച്ചു.അവയെ കഥകളെന്നോ വിവരണങ്ങളെന്നോ നമുക്ക് വിളിക്കാം. തങ്കം കുട്ടിക്കാലത്ത് കളിച്ചു നടന്ന വിശാലമായ പുരയിടം, ഇടയില്ലാതെ നിറഞ്ഞുനിന്ന തെങ്ങ്, കമുക്, മറ്റു വൃക്ഷങ്ങൾ, കുളം, പലതരം കുറ്റിച്ചെടികളും വള്ളികളും വേലിയെ നിവർന്നു നിൽക്കാൻ സഹായിച്ച മുളച്ചീളുകൾ ഞങ്ങളുടെ മുന്നിലൂടെ കടന്നുപോയി.

വിഷവളം ഇട്ടു വളർത്തിയതാണോ എന്ന ഭയം ഇല്ലാതെ കൂട്ടാൻ വയ്ക്കാൻ അവിടെ ധാരാളം ഇനം ചീരയും മറ്റു മലക്കറികളും വളർന്നിരുന്നു. തങ്കത്തിനു പ്രിയം നെയ്യുണ്ണിയോടായിരുന്നു.'ഞങ്ങളുടെ വീട് ഒരു പൂങ്കാവനം' എന്ന ഡോകുമെന്ററിയുടെ പ്രദർശനത്തോടെയാണ് പരിപാടി അവസാനിച്ചത്. കൗതുകം, വിസ്മയം ജിജ്ഞാസ, ആനന്ദം, ഇവ സൃഷ്ടിച്ച ഒരു അൽഭുതലോകത്തായിരുന്നു ഞങ്ങൾ ശേഷമുള്ള അര മണിക്കൂർ.

വന്യജീവി ഫോട്ടോഗ്രാഫറായ അച്ഛനോടൊപ്പം പോകാൻ ആഗ്രഹിക്കുന്ന മക്കളോട് (മകളും മകനും) ആദ്യം സ്വന്തം വീടിനു ചുറ്റും നോക്കിക്കാണാൻ പറയുന്നു. അവർ അത് ഗൗരവമായി എടുത്തു. ഞങ്ങളും അവരോടൊപ്പം കൂടി. ഇന്നു പഴയമാതിരി വലിയപുരയിടങ്ങളും പലയിനം വലുതും ചെറുതുമായ മരങ്ങളും കേരളത്തിലെ ഗ്രാമപ്രദേശങ്ങളിൽ പോലും ചുരുങ്ങിക്കൊണ്ടിരിക്കുകയാണ്. പണ്ടു സാധാരണയായി കണ്ടിരുന്ന പല പക്ഷികളും ഇന്നില്ല; അല്ലെങ്കിൽ കുറവാണ്. കാക്കയെ പോലും പഴയതുപോലെ കാണുന്നില്ല എന്നു പലരും പറയാറുണ്ട്. എന്നാൽ അന്നു വൈകുന്നേരം ഞങ്ങളുടെ ശ്രദ്ധ പിടിച്ചടക്കിയ കാഴ്ചകൾക്ക് അവസാനമില്ലായിരുന്നു. എത്രയിനം ഇലകൾ, എന്തെല്ലാം ആകൃതിയിൽ, നിറത്തിൽ. ചത്ത പാറ്റയുടെ ശരീരം കുഞ്ഞെറുമ്പുകൾ ഒരു സൈന്യം പോലെ തൂക്കി മതിലിലൂടെ മുകളിലോട്ടു കയറുന്നതു ഞാൻ നോക്കിനിന്നിട്ടുണ്ട്. പക്ഷെ മുട്ടപൊട്ടി പുറത്തുവന്ന പല്ലി ആദ്യം ചെയ്യുന്നതു ആ മുട്ടത്തോടു ശാപ്പിടുന്നതാണെന്നു ഞാൻ അന്നു കണ്ടു. പക്ഷികളുടെ കാര്യമെടുത്താലും ചെറുതും വലുതുമായ പലയിനം, പല ആകൃതിയിലും നിറത്തിലും നമ്മുടെ ചുറ്റുമുണ്ട്. അവയുണ്ടാക്കുന്ന ശബ്ദങ്ങളും ഏർപ്പെടുന്ന ജോലികളും വ്യത്യസ്തമാണ്.

അന്ന് ഒന്നാം സമ്മാനം നേടിയത് എനിക്കത്ര ഇഷ്ടമില്ലാത്ത, അല്ലെങ്കിൽ ഞാൻ ഭയക്കുന്ന ചിലന്തിയാണ്. ചിലന്തി മുട്ട കണ്ടിട്ടുണ്ട്. പൊട്ടിക്കാണാൻ ആഗ്രഹിച്ചിട്ടേയില്ല. അന്നതു സംഭവിച്ചു. ആ വിസ്മയക്കാഴ്ച അപ്രതീക്ഷിതവും മനോരഞ്ജിതവും ആനന്ദദായകവുമായിരുന്നു.

ഏതു ദീപാവലിയേയും തോൽപ്പിക്കാൻ പറ്റിയ നിറക്കൂട്ട്. സംഗീതവും വാക്കുകളും കാഴ്ചകളും മാത്രമല്ല ആ സായാഹ്നത്തെ ധന്യമാക്കിയത്. നന്മയുടെ സുഗന്ധം അവിടെ തങ്ങി നിന്നിരുന്നു. നാം മനുഷ്യർ ഏതൊരിടത്തു അഹങ്കാരത്തോടെ വിഹരിക്കുന്നു, ഏതൊന്നിനുവേണ്ടി എന്ത് അധർമ്മത്തിനും തയ്യാറാകുന്നു, ആ ഭൂമിക്കു മുകളിലും താഴെയും വെള്ളത്തിലും ജീവിക്കുന്ന കോടാനുകോടി ജീവജാലങ്ങളുടെ മുന്നിൽ ആരുമല്ല എന്ന ബോദ്ധ്യം ആ നന്മയുടെ അംശമായി.